(ബി) പ്രതിവർഷം ഒരു രൂപ വാടക ഈടാക്കിക്കൊണ്ട് സ്ഥലവും കെട്ടിടവും 5 വർഷത്തേയ്ക്കു നൽകണമെന്നതാണ് വ്യവസ്ഥ.

(സി) ഇല്ല.

കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽ ഡയറക്ടർ നിയമനം

105 [2426] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽ സ്ഥിരം ഡയറക്ടറെ നിയമിക്കുന്നതിന് നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ നിയമനത്തിനുള്ള കാലതാമസം ഒഴിവാക്കുമോ;

(ബി) ആവശ്യമായ യോഗ്യതകളും ഇല്ലാത്ത വ്യക്തി വളരെക്കാലമായി മ്യൂസിയം ഡയറക്ടറുടെ ചാർജ്ജ് വഹിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും യൂണിയൻ പ്രതിനിധികളുമായി 9-12-2004-ൽ നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം.

(എ) നേരത്തെ നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ സ്ഥിരം ഡയറക്ടറെ നിയമിക്കുന്നില്ല. താൽക്കാലികമായി ഈ തസ്തികയിലേക്ക് നിയമനം നടത്തുന്നതാണ്.

(ബി & സി) മ്യൂസിയം ഡയറക്ടർക്കുള്ള യോഗ്യതകളും സ്പെഷ്യൽ റൂൾസ് നടപ്പിൽ വന്നാൽ മാത്രമേ വ്യക്തമാക്കാനാവൂ. ഇപ്പോൾ ഡയറക്ടറുടെ ചുമതല വഹിക്കുന്ന വ്യക്തി മ്യൂസിയത്തിലെ സീനിയർ മോസ്റ്റ് ഓഫീസറാണ്.

(ഡി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് പ്രത്യേക പ്രവേശന പരീക്ഷ

106 [2427] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്ജ്:
ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളിലേക്ക് നടത്തപ്പെടുന്ന എൻട്രൻസ് പരീക്ഷകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും വളരെ കുറച്ച് വിദ്യാർത്ഥികളും മാത്രമെ യോഗ്യതാ ലിസ്റ്റിൽ സ്ഥാനം പിടിക്കുന്നുള്ളു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്ഥിതി തരണം ചെയ്യുന്നതിന് ഈ വിഭാഗങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും പ്രത്യേകം സപ്ലിമെന്ററി എൻട്രൻസ് പരീക്ഷകൾ നടത്തുവാനുള്ള സംവിധാനം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയിൽ നിശ്ചിത ശതമാനം മാർക്ക് നേടിയിരിക്കണമെന്ന നിബന്ധനയില്ല. സംവരണമായ അപക്ഷ സമർപ്പിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പരീക്ഷയുടെ രണ്ട് പേപ്പറും എഴുതിയാൽ റാങ്ക് പട്ടികയിൽ ഉൾപ്പെടും. അതിനാൽ ഈ വിഭാഗങ്ങൾക്ക് പ്രത്യേകം പ്രവേശന പരീക്ഷ നടത്തേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

ബേപ്പൂർ നിയോജകമണ്ഡലത്തിൽ അപ്ഗ്രേഡ് ചെയ്യാനുദ്ദേശിക്കുന്ന യു. പി. സ്കൂളുകൾ

107 [2428] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്ന എൽ. പി., യു. പി. സ്കൂളുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിരുന്ന സ്ഥാപനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

എഡ്യൂസാറ്റ് പദ്ധതി

108 [2429] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

എം. പി., എം. എൽ. എ. അല്ലെങ്കിൽ മറ്റേതെങ്കിലും വികസന ഫണ്ട് ഉപയോഗിച്ച് എവിടെയെങ്കിലും എഡ്യൂസാറ്റ് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

ഉത്തരം

ഐ. ടി. അറ്റ് സ്കൂൾ പ്രോജക്ടിന്റെ സ്കൂൾ സർവശിക്ഷാഅഭിയാൻ (എസ്. എസ്. എ.) നോയും ഫണ്ടുകളും ഉപയോഗിച്ച് സംസ്ഥാനത്തെ 15 സെന്ററുകളിൽ Satellite Interactive Terminal സ്ഥാപിച്ച് എഡ്യൂസാറ്റ് പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly